## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1002** — **07.02.2013 ൽ മറുപടിയ്ക്ക്**

## കേരളോത്സവ വിജയികൾക്ക് ഗ്രേസ് മാർക്ക്

**ചോദ്യം**

**ശ്രീമതി. ഗീതാഗോപി**

(എ) കേരളോത്സവങ്ങളിൽ മത്സരാർത്ഥികളുടെയും കാഴ്ചക്കാരുടെയും എണ്ണം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സംഘാടനത്തിന്റെ പോരായ്മകളാണോ ആയതിന് കാരണമായിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) തൃശ്ശൂരിൽ നടന്ന കേരളോത്സവം വേണ്ടതുപോലെ ശ്രദ്ധിക്കപ്പെടാതെ പോയതിന്റെ കാരണം വിശദീകരിക്കുമോ;

(ഡി) സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ വിജയികളാകുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷകൾക്ക് ഗ്രേസ് മാർക്ക് നൽകുന്ന മാതൃക അവലംബിച്ചു കൊണ്ട് കേരളോത്സവ വിജയികൾക്ക് പി.എസ്.സി പരീക്ഷയിൽ ഗ്രേസ് മാർക്ക് അനുവദിക്കുമോ;

**മറുപടി**

**കുമാരി. പി.കെ. ജയലക്ഷ്മി**
**(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

(എ), (ബി) & (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തൃശ്ശൂർ കേരളോത്സവം വേണ്ടതുപോലെ ശ്രദ്ധിക്കപ്പെടാതെ പോയതായി കരുതുന്നില്ല.

| | | | |
|---|---|---|---|
| (ഇ) | കേരളോത്സവങ്ങളെ സജീവമാക്കാനും ഗ്രാമീണ പ്രതിഭകളെ പ്രോത്സാഹിപ്പിക്കാനും ഈ നിർദ്ദേശം പ്രാവർത്തികമാക്കുവാൻ സന്നദ്ധമാകുമോ? | (ഡി) & (ഇ) | പി.എസ്.സി പരീക്ഷയിൽ ഗ്രേസ് മാർക്ക് അനുവദിക്കുന്ന കാര്യം വിശദമായ പരിശോധന ആവശ്യമായ വിഷയമാണ്. ഇക്കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ